# വാചാ കർമ്മണാ – രണ്ട് ശക്തികളും ശേഖരിക്കുന്നതിനുള്ള ഈശ്വരീയ പദ്ധതി

ഇന്ന് ആത്മീയ പ്രകാശം തന്റെ ആത്മീയ ശലഭങ്ങളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. നാല് ഭാഗത്തുമുള്ള ശലഭം പ്രകാശത്തിന് മേൽ അർപ്പണമായിരിക്കുകയാണ്. അർപ്പണമാകുന്ന ശലഭങ്ങൾ നിരവധിയുണ്ട് എന്നാൽ അർപ്പണമായതിന് ശേഷം പ്രകാശത്തിന്റെ സ്നേഹത്തിൽ പ്രകാശത്തിന് സമാനമാകുന്നതിൽ, അർപ്പണമാകുന്നതിൽ നമ്പർവാറാണ്. വാസ്തവത്തിൽ ഹൃദയത്തിന്റെ സ്നേഹം കാരണമാണ് അർപ്പണമാകുന്നത്. ഹൃദയത്തിന്റെ സ്നേഹം, സ്നേഹം– ഇതിലും വ്യത്യാസം ഉണ്ട്. സർവ്വർക്കും സ്നേഹമുണ്ട്, സ്നേഹം കാരണമാണ് അർപ്പണമായത്. ഹൃദയം കൊണ്ട് സ്നേഹമുള്ളവർ ബാബയുടെ ഹൃദയത്തിന്റെ കാര്യങ്ങൾ അഥവാ ഹൃദയത്തിലെ ആഗ്രഹങ്ങളെ അറിയുന്നുമുണ്ട്, പൂർത്തീകരിക്കുന്നുമുണ്ട്. ഹൃദയത്തിന്റെ സ്നേഹി കുട്ടികൾ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നവരാണ്. ഹൃദയത്തിന്റെ സ്നേഹി അർത്ഥം ബാബയുടെ ഹൃദയം എന്ത് പറഞ്ഞുവൊ കുട്ടികളുടെ ഹൃദയം അതിനെ ഉൾക്കൊണ്ടു. ഹൃദയത്തിൽ ഉൾക്കൊണ്ടത് സ്വതവേ കർമ്മത്തിൽ ഉണ്ടാകും. സ്നേഹി ആത്മാക്കൾ കുറച്ച് ഹൃദയത്തിൽ ഉൾക്കൊള്ളും, കുറച്ച് ബുദ്ധിയിൽ ഉൾക്കൊള്ളും. ഹൃദയത്തിൽ ഉൾക്കൊള്ളുന്നവർ കർമ്മത്തിൽ കൊണ്ടു വരുന്നു, ബുദ്ധിയിൽ ഉൾക്കൊള്ളുന്നവർ ചിന്തിക്കും– ചെയ്യാൻ പറ്റുമോ ഇല്ലയോ, ചെയ്യുക തന്നെ വേണം, സമയത്ത് ശരിയാകും. ഇങ്ങനെയുള്ള ചിന്തയുള്ളത് കാരണം ചിന്ത വരെ മാത്രം ഉണ്ടായിരിക്കും, കർമ്മത്തിൽ ഉണ്ടാകില്ല.

ഇന്ന് ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു– സർവ്വരും അർപ്പണമാകുന്നവരാണ്. അർപ്പണമാകുന്നില്ലായെങ്കിൽ ബ്രാഹ്മണർ എന്ന് പറയപ്പെടില്ല. എന്നാൽ ബാബയോട് സ്നേഹമുണ്ടെങ്കിൽ ബാബ പറയുന്നത് പോലെ ചെയ്യുന്നതിന് അർപ്പണമാകേണ്ടിയിരിക്കുന്നു അർത്ഥം എന്റെ എന്ന ബോധം, എന്റെ എന്നതിൽ അഭിമാനമുണ്ടെങ്കിലും, ദൗർബല്യമുണ്ടെങ്കിലും– രണ്ടിന്റെയും ത്യാഗം ചെയ്യേണ്ടി വരുന്നു, ഇതിനെയാണ് പറയുന്നത് അർപ്പണം എന്ന്. അർപ്പണമാകുന്നവർ വളരെയധികമുണ്ട് എന്നാൽ അർപ്പണമാകുന്നതിനും ധൈര്യമുള്ളവർ നമ്പർവാറാണ്.

ഇന്ന് ബാപ്ദാദ കേവലം ഒരു മാസത്തെ റിസൾട്ട് കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഈ സീസണിൽ വിശേഷിച്ച് ബാപ്ദാദ ബാബയ്ക്ക് സമാനമാകുന്നതിനായി വ്യത്യസ്ഥ രൂപത്തിൽ എത്രയോ പ്രാവശ്യം സൂചന നല്കിയിട്ടുണ്ട്. ബാപ്ദാദായുടെ ഹൃദയത്തിന്റെ ശ്രേഷ്ഠമായ ആഗ്രഹവും ഇത് തന്നെയാണ്. ഇത്രയും ഖജനാവ് ലഭിച്ചു, വരദാനം ലഭിച്ചു! വരദാനത്തിന് വേണ്ടി ഓടിയോടി വന്നിരിക്കുന്നു. ബാബയ്ക്കും സന്തോഷമുണ്ട്– കുട്ടികൾ സ്നേഹത്തോടെ മിലനം ചെയ്യൻ വന്നിരിക്കുന്നു, വരദാനം നേടി സന്തോഷിക്കുന്നു. എന്നാൽ ബാബയുടെ ഹൃദയത്തിലെ ആഗ്രഹം പൂർത്തീകരിക്കുന്നവർ ആരാണ്? ബാബ കേൾപ്പിച്ചതിനെ കർമ്മത്തിൽ എത്രത്തോളം കൊണ്ടു വന്നു? മനസാ– വാചാ– കർമ്മണാ– മൂന്നിന്റെയും റിസൾട്ട് എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നു? മനസാ ശക്തിശാലിയും, സംബന്ധ സമ്പർക്കത്തിലും എത്രത്തോളം ആയിത്തീർന്നു? കേവലം സ്വയം ഇരുന്ന് മനനം ചെയ്തു– ഇത് സ്വഉന്നിക്ക് വളരെ നല്ലതാണ്, ചെയ്യുക തന്നെ വേണം. എന്നാൽ ഏതെല്ലാം ശ്രേഷ്ഠ ആത്മാക്കളുടെ മനസ്സ് അർത്ഥം സങ്കല്പം ശക്തിശാലിയാണ്, ശുഭ ഭാവന, ശുഭ കാമനയുള്ളവരാണ്? മനസ്സാ ശക്തിയുടെ ദർപ്പണമെന്ത്? ദർപ്പണമാണ് വാക്കും കർമ്മവും. അജ്ഞാനി ആത്മാക്കളാകട്ടെ. ജ്ഞാനി ആത്മാക്കളാകട്ടെ– രണ്ടു പേരുടെയും സംബന്ധ സമ്പർക്കത്തിൽ വാക്കും കർമ്മവും ദർപ്പണമാണ്. വാക്കും കർമ്മവും ശുഭ ഭാവന, ശുഭ കാമനയുള്ളതല്ലായെങ്കിൽ മനസ്സാ ശക്തിയുടെ പ്രത്യക്ഷ സ്വരൂപത്തെ എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? മനസ്സ് ശക്തിശാലിയും ശുഭവുമാണെങ്കിൽ അവരുടെ വാക്ക്, കർമ്മം സ്വതവേ ശക്തിശാലിയും ശുദ്ധവുമായിരിക്കും, ശുഭ ഭാവനയുള്ളതായിരിക്കും. മനസ്സാ ശക്തിശാലി അർത്ഥം ഓർമ്മയുടെ ശക്തിയും ശ്രേഷ്ഠമായിരിക്കും, ശക്തിശാലിയായിരിക്കും, സഹയോഗിയുമാകും. കേവലം സഹജയോഗി മാത്രമല്ല എന്നാൽ സഹജ കർമ്മയോഗിയുമായിരിക്കും.

ബാപ്ദാദ കണ്ടു– ഓർമ്മയെ ശക്തിശാലിയാക്കുന്നതിൽ ഭൂരിപക്ഷം കുട്ടികൾക്കും ശ്രദ്ധയുണ്ട്, ഓർമ്മയെ സഹജവും നിരന്തരവുമാക്കുന്നതിന് ഉണർവ്വും ഉത്സാഹവുമുണ്ട്. മുന്നോട്ടുയർന്നു കൊണ്ടിരിക്കുന്നു, ഉയർന്നു കൊണ്ടിരിക്കും കാരണം ബാബയോട് നല്ല സ്നേഹമുണ്ട്. അതിനാൽ ഓർമ്മയുടെ ശ്രദ്ധ നല്ലതാണ്, ഓർമ്മയുടെ ആധാരം തന്നെ സ്നേഹമാണ്. ബാബയുമായി ആത്മീയ സംഭാഷണം ചെയ്യുന്നതിലും സർവ്വരും നല്ലവരാണ്. ഇടയ്ക്കിടയ്ക്ക് കണ്ണ് കാണിക്കുന്നുണ്ട്, അതും പരസ്പരം ചെറിയ രീതിയിൽ പിണങ്ങുമ്പോൾ. പിന്നെ ബാബയോട് പരാതി പറയുന്നു– ബാബയെന്ത് കൊണ്ട് ശരിയാക്കുന്നില്ല? എന്നാലും

അത് സ്നേഹം കൊണ്ടുള്ള കണ്ണുരുട്ടലാണ്. എന്നാൽ സംഘടനയിൽ വരുമ്പോൾ, കർമ്മത്തിൽ വരുമ്പോൾ, കാര്യത്തിൽ വരുമ്പോൾ, പരിവാരത്തിൽ വരുമ്പോൾ സംഘടനയിൽ വാക്കുകൾ അർത്ഥം വാചാ ശക്തി കൂടുതൽ വ്യർത്ഥമാകുന്നതായി കാണപ്പെടുന്നു.

വാണിയുടെ ശക്തി വ്യർത്ഥമാകുന്നത് കാരണം ബാബയെ പ്രത്യക്ഷമാക്കുന്നതിനുള്ള മൂർച്ച അഥവാ ശക്തിയുടെ അനുഭവം ഏതൊന്നാണൊ ചെയ്യേണ്ടത്, അത് കുറയുന്നു. കാര്യങ്ങൾ നല്ലതായി അനുഭവപ്പെടുന്നു എന്നത് രണ്ടാമത്തെ കാര്യം. ബാബ പറയുന്ന കാര്യങ്ങൾ ആവർത്തിക്കുന്നു അതിനാൽ അത് തീർച്ചയായും ഇഷ്ടപ്പെടുന്നു. എന്നാൽ വാചാ ശക്തി വ്യർത്ഥമാകുന്നത് കാരണം ശക്തി ശേഖരിക്കപ്പെടുന്നില്ല, അതിനാൽ ബാബയെ പ്രത്യക്ഷമാക്കുന്നതിന്റെ ശബ്ദം പ്രത്യക്ഷമാകുന്നതിൽ ഇപ്പോഴും താമസം അനുഭവപ്പെടുന്നു. സാധാരണമായ വാക്കുകളാണ് കൂടുതൽ. അലൗകീക വാക്കുകളായിരിക്കണം, ഫരിസ്ഥകളുടെ വാക്കുകളായിരിക്കണം. ഇപ്പോൾ ഈ വർഷം ഇതിൽ അടിവരയിടണം. ബ്രഹ്മാബാബയിൽ കണ്ടിരുന്നു – ഫരിസ്ഥകളുടെ വാക്കുകൾ പോലെയായിരുന്നു, വാക്കുകൾ കുറവ് പക്ഷെ മധുരമുള്ളതുമായിരുന്നു. ഫലം ലഭിക്കുന്ന വാക്കുകളാണ് യഥാർത്ഥമായ വാക്കുകൾ, ഫലം ലഭിക്കാത്ത വാക്കുകൾ വ്യർത്ഥമായ വാക്കുകളാണ്. ജോലിയുടെ ഫലമാകട്ടെ, ജോലിയിൽ സംസാരിക്കേണ്ടി വരുന്നില്ലേ, അതും കൂടുതൽ സംസാരിക്കാതിരിക്കൂ. ഇപ്പോൾ ശക്തി ശേഖരിക്കണം. ഏതു പോലെ ഓർമ്മയിലൂടെ മനസ്സാ ശക്തിയെ ശേഖരിക്കുന്നു, സൈലൻസിലിരിക്കുമ്പോൾ സങ്കല്പ ശക്തി ശേഖരിക്കപ്പെടുന്നു. അതേപോലെ വാക്കുകളുടെ ശക്തിയും ശേഖരിക്കൂ.

തമാശയുടെ കാര്യം കേൾപ്പിക്കാം– ബാപ്ദാദായുടെ വതനത്തിൽ സർവ്വരുടെ ശേഖരണത്തിന്റെ ഭണ്ഡാരമുണ്ട്. നിങ്ങളുടെ സേവാകേന്ദ്രത്തിലും ഭണ്ഡാരകളുണ്ടല്ലോ. ബാബയുടെ വതനത്തിൽ കുട്ടികളുടെ ഭണ്ഡാരമുണ്ട്. ഓരോരുത്തരും മുഴുവൻ ദിനത്തിൽ മനസ്സാ, വാചാ, കർമ്മണാ– മൂന്ന് ശക്തികളെ ശേഖരിച്ച് സമ്പാദിക്കുന്നു. അതാണ് ഭണ്ഡാരം. മനസ്സാ ശക്തി എത്രത്തോളം ശേഖരിച്ചു, വാചാ ശക്തി, കർമ്മണാ ശക്തി എത്രത്തോളം ശേഖരിച്ചു– ഇതിന്റെ മുഴുവൻ കണക്കുമുണ്ട്. നിങ്ങളും ചിലവിന്റെയും വരവിന്റെയും കണക്ക് അയക്കാറുണ്ടല്ലോ. അതിനാൽ ബാപ്ദാദായും ഈ ശേഖരണത്തിന്റെ ഭണ്ഡാരം കണ്ടു. അപ്പോൾ എന്ത് കണ്ട് കാണും? ശേഖരണത്തിന്റെ കണക്ക് എത്രയുണ്ടാകും? ഓരോരുത്തരുടെയും റിസൾട്ട് വ്യത്യസ്ഥമാണ്. വളരെ ഭണ്ഡാരകൾ നിറഞ്ഞിരിക്കുകയായിരുന്നു എന്നാൽ ചില്ലറ കൂടുതലായിരുന്നു. കൊച്ചു കുട്ടികൾ ഭണ്ഡാരത്തിൽ ചിലറകൾ കൂടുതൽ ശേഖരിക്കുന്നു അപ്പോൾ ഭണ്ഡാരം എത്ര ഭാരമുള്ളതായി മാറുന്നു. അതിനാൽ വാചായുടെ റിസൾട്ടിൽ വിശേഷിച്ച് ഇത് കൂടുതൽ കണ്ടു. ഓർമ്മയിൽ കൂടുതൽ ശ്രദ്ധ നല്കുന്നുണ്ട്, അതേപോലെ വാചായിൽ അത്രയും ശ്രദ്ധ നല്കുന്നില്ല. അതിനാൽ ഈ വർഷം വാചാ, കർമ്മണാ– ഈ രണ്ട് ശക്തികളെ ശേഖരിക്കുന്നതിന്റെ പദ്ധതിയുണ്ടാക്കൂ. ഗവൺമെന്റും വ്യത്യസ്ഥമായ വിധിയിലൂടെ ശേഖരണത്തിന്റെ പദ്ധതിയുണ്ടാക്കുന്നില്ലേ, അതേപോലെ ഇതിൽ മുഖ്യമായത് മനസ്സാ ആണ്– ഇത് എല്ലാവർക്കും അറിയാം. എന്നാൽ മനസ്സായോടൊപ്പം വിശേഷിച്ച് വാചായും കർമ്മണായും– ഇത് സംബന്ധ സമ്പർക്കത്തിലും സ്പഷ്ടമായി കാണപ്പെടുന്നു. മനസ്സാ പിന്നെയും ഗുപ്തമാണ് എന്നാൽ വാചാ പ്രത്യക്ഷത്തിൽ കാണപ്പെടുന്നതാണ്. വാചാ ശേഖരിക്കുന്നതിനുള്ള സാധനമാണ്– കുറച്ച് സംസാരിക്കൂ, മധുരമായി സംസാരിക്കൂ, സ്വമാനത്തിലൂടെ സംസാരിക്കൂ. ബ്രഹ്മാ ബാബ കുട്ടികളെ അഥവാ മുതിർന്നവരെ സ്വമാനത്തിന്റെ വാക്കുകളിലൂടെ സ്വന്തമാക്കി. ഈ വിധിയിലൂടെ എത്രത്തോളം മുന്നോട്ടുയരുന്നുവൊ അത്രത്തോളം വിജയമാല പെട്ടെന്ന് തയ്യാറാകും. അതിനാൽ ഈ വർഷം എന്ത് ചെയ്യണം? സേവനത്തിനോടൊപ്പം വിശേഷിച്ച് ഈ ശക്തികൾ ശേഖരിച്ച് സേവനം ചെയ്യണം.

സേവനത്തിന്റെ പ്ലാനുകൾ സർവ്വരും വളരെ നന്നായി ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ വരെ പ്ലാനിനനുസരിച്ച് ചെയ്ത് കൊണ്ടിരിക്കുന്ന സേവനം, നാല് ഭാഗത്തും, ഭാരതത്തിലാകട്ടെ, വിദേശത്താകട്ടെ, നന്നായി ചെയ്തു കൊണ്ടിരിക്കുന്നു, ചെയ്യുന്നവരുമുണ്ട്. ഏതുപോലെ സേവനത്തിൽ ഏറ്റവും നല്ല ഫലം കണ്ടെത്തുന്നതിന് ശുഭ ഭാവനയിലൂടെ മുന്നോട്ടുയർന്നു കൊണ്ടിരിക്കുന്നുവോ, അതേപോലെ സേവനത്തിൽ സംഘടിത രൂപത്തിൽ സദാ സന്തുഷ്ടമായിരിക്കുന്നതിന്റെയും സന്തുഷ്ടമാക്കുന്നതിന്റെയും വിശേഷ സങ്കല്പം , ഇതും സദാ കൂടെയുണ്ടായിരിക്കണം കാരണം ഒരേ സമയത്ത് മൂന്ന് പ്രകാരത്തിലുള്ള സേവനം ഒപ്പത്തിനൊപ്പം ഉണ്ടാകുന്നു. ഒന്ന്– തന്റെ സന്തുഷ്ടത, ഇതാണ് സ്വയത്തിന്റെ സേവനം. രണ്ടാമത്– സംഘടനയിൽ സന്തുഷ്ടത, ഇതാണ് പരിവാരത്തിന്റെ സേവനം. മൂന്നാമത്– ഭാഷയിലൂടെ അഥവാ ഏതെങ്കിലും വിധിയിലൂടെ വിശ്വത്തിലെ ആത്മാക്കളുടെ സേവനം. ഒരേ സമയത്ത് തന്നെ മൂന്ന് സേവനവും നടക്കുന്നു. ഏതൊരു പ്രോഗ്രാമും ഉണ്ടാക്കുമ്പോൾ അതിൽ മൂന്ന് സേവനവും അടങ്ങിയിരിക്കുന്നു. വിശ്വസേവനത്തിന്റെ റിസൾട്ട് അഥവാ വിധി ശ്രദ്ധയിൽ വയ്ക്കുന്നതുപോലെ മറ്റ് രണ്ട് സേവനവും സ്വയത്തിന്റെയും സംഘടനയുടെയും– മൂന്നും നിർവ്വിഘ്നമാകണം എങ്കിൽ പറയാം സേവനത്തിന്റെ നമ്പർവൺ സഫലത. മൂന്ന് സഫലതയും ഒപ്പം സംഭവിക്കുക തന്നെയാണ് നമ്പർ നേടുക. ഈ വർഷം മൂന്ന് സേവ

നങ്ങളിലും സഫലത ഒപ്പത്തിനൊപ്പം ഉണ്ടാകണം– ഈ പെരുമ്പറ മുഴങ്ങണം. ഒരു കോണിൽ മാത്രം പെരുമ്പറ മുഴങ്ങുകയാണെങ്കിൽ കുംഭകർണ്ണന്റെ ചെവിയിൽ വരെയെത്തില്ല. നാല് ഭാഗത്തും ഈ പെരുമ്പറ മുഴങ്ങുകയാണെങ്കിലേ സർവ്വ കുംഭകർണ്ണൻമാരും ഉണരുകയുള്ളൂ. ഇപ്പോൾ ഒരാൾ ഉണരുമ്പോൾ രണ്ടാമത്തെയാൾ ഉറങ്ങുന്നു, രണ്ടാമത്തെയാൾ എഴുന്നേൽക്കുമ്പോൾ മൂന്നാമത്തെയാൾ ഉറങ്ങുന്നു. കുറച്ച് എഴുന്നേൽപ്പിക്കുമ്പോൾ നല്ലത്, നല്ലത് എന്ന് പറഞ്ഞ് വീണ്ടും ഉറങ്ങുന്നു. എന്നാൽ ഉണർന്ന് വായിലൂടെ അഥവാ മനസ്സ് കൊണ്ട് അഹോ പ്രഭൂ, എന്ന് പറയുക, മുക്തിയുടെ സമ്പത്തെടുത്താലേ സമാപ്തിയുണ്ടാകുകയുള്ളൂ. ഉണർന്നാലല്ലേ മുക്തിയുടെ സമ്പത്തെടുക്കാനാകുകയുള്ളൂ. അതിനാൽ എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലായോ? പരസ്പരം സഹയോഗിയാകൂ. മറ്റുള്ളവരെ കൊണ്ട് സമ്പാദിപ്പിക്കുകയാണെങ്കിൽ അതിൽ സ്വന്തം സമ്പാദ്യവും ഉണ്ടാകുന്നു.

സേവനത്തിന്റെ പ്ലാനുകളിൽ എത്രത്തോളം സമ്പർക്കത്തിലുള്ളവരെ സമീപത്തേക്ക് കൊണ്ടു വരുന്നുവൊ, അത്രയും സേവനത്തിന്റെ പ്രത്യക്ഷമായ റിസൾട്ട് കാണപ്പെടുന്നു. സന്ദേശം നല്കുന്ന സേവനം ചെയ്തു വരുന്നുണ്ടല്ലോ, ചെയ്തു കൊണ്ടേയിരിക്കണം എന്നാൽ വിശേഷിച്ച് ഈ വർഷം കേവലം സന്ദേശം നല്കുക മാത്രമല്ല, സഹയോഗിയുമാകണം അർത്ഥം സമ്പർക്കത്തിലുള്ളവരെ സമീപത്ത് കൊണ്ടു വരണം. കേവലം ഫോറം പൂരിപ്പിച്ചു– ഈ രീതിയെല്ലാം നടക്കും എന്നാൽ ഈ വർഷം മുന്നോട്ടുയരൂ ഫോറം പൂരിപ്പിച്ചാൽ മാത്രം പോരാ, അവരെ സംബന്ധത്തിലേക്ക് കൊണ്ടു വരണം. വ്യക്തിക്കനുസരിച്ച് അവരെ സമ്പർക്കത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്ലാൻ ഉണ്ടാക്കൂ. ചെറിയ ചെറിയ പരിപാടികൾ സംഘടിപ്പിക്കൂ എന്നാൽ ഈ ലക്ഷ്യം വയ്ക്കൂ. കേവലം ഒരു മണിക്കൂറിനോ അഥവാ ഫോറം പൂരിപ്പിക്കുന്നത് വരെയല്ല അവർ സഹയോഗിയാകേണ്ടത്, സഹയൗഗത്തിലൂടെ അവരെ സമീപത്തേക്ക് കൊണ്ടു വരണം. സംബന്ധ–സമ്പർക്കത്തിൽ കൊണ്ടു വരൂ. മുന്നോട്ടു പോകുന്തോറും സേവനത്തിന്റെ രൂപം പരിവർത്തനപ്പെടും. നിങ്ങൾക്ക് സ്വയത്തിന് വേണ്ടി ചെയ്യേണ്ടി വരില്ല. നിങ്ങളുടെ ഭാഗത്ത് നിന്നും സംബന്ധത്തിൽ വരുന്നവർ സംസാരിക്കും, നിങ്ങൾ കേവലം ആശീർവാദവും ദൃഷ്ടിയും മാത്രം നല്കിയാൽ മതിയാകും. ഇന്നത്തെ കാലത്ത് ശങ്കരാചാര്യനെ കസേരയിലിരുത്തുന്നു, അതേപോലെ നിങ്ങളെ പൂജനീയമായ കസേരയിലിരുത്തും, വെള്ളിയുടെ കസേരയിലല്ല.

ഭൂമി തയ്യാറാക്കുന്നവർ നിമിത്തമായി തീരും, നിങ്ങൾ കേവലം ദൃഷ്ടിയിലൂടെ വിത്ത് വിതയ്ക്കണം, ആശീർവാദത്തിന്റെ രണ്ട് വാക്കുകൾ സംസാരിക്കണം അപ്പോൾ പ്രത്യക്ഷതയുണ്ടാകും. നിങ്ങളിൽ ബാബ കാണപ്പെടും, ബാബയുടെ ദൃഷ്ടി, ബാബയുടെ സ്നേഹത്തിന്റെ അനുഭവം ലഭിക്കുമ്പോൾ തന്നെ പ്രത്യക്ഷതയുടെ മുദ്രാവാക്യം മുഴങ്ങാൻ തുടങ്ങും.

ഇപ്പോൾ സേവനത്തിന്റെ ഗോൾഡൻ ജൂബിലി പൂർത്തിയാക്കി. ഇനിയും കൂടുതൽ സേവനം ചെയ്യും, നിങ്ങൾ കണ്ട് കണ്ട് ഹർഷിതമായി കൊണ്ടിരിക്കും. പോപ്പ് എന്താണ് ചെയ്യുന്നത്? ഇത്രയും വലിയ സഭയിൽ വന്ന് ദൃഷ്ടി നല്കി ആശീർവാദത്തിന്റെ വാക്കുകൾ മാത്രം ഉച്ചരിക്കുന്നു. കൂടുതൽ സംസാരിക്കുന്നതിന്, പ്രഭാഷണം ചെയ്യുന്നതിന് മറ്റുള്ളവരാണ് നിമിത്തമാകുന്നത്. നിങ്ങൾ പറയൂ– എനിക്ക് ബാബയാണ് കേൾപ്പിച്ചത്, അതിന് പകരം മറ്റുള്ളവർ പറയും– ഇവരെ കേൾപ്പിച്ചയാൾ സർവ്വരുടെയും ബാബയാണ്, മറ്റാരുമല്ല. അതിനാൽ പതുക്കെ പതുക്കെ ഇങ്ങനെയുള്ള കൈകൾ തയ്യാറാകും. ഏതുപോലെ സേവാ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന് കൈകൾ തയ്യാറായില്ലേ, അതേപോലെ സ്റ്റേജിൽ നിങ്ങളുടെ ഭാഗത്ത് നിന്നും മറ്റുള്ളവർ സംസാരിക്കും, അനുഭവിച്ച് സംസാരിക്കുന്നവർ വരും. കേവലം മഹിമ പാടുന്നവർ മാത്രമല്ല, ജ്ഞാനത്തിന്റെ ഗുഹ്യമായ പോയിന്റുകളെ സ്പഷ്ടമാക്കുന്നവർ, പരമാത്മ ജ്ഞാനത്തെ തെളിയിക്കുന്നവർ– അങ്ങനെയുള്ളവർ നിമിത്തമാകും. എന്നാൽ അതിന് വേണ്ടി അങ്ങനെയുള്ള ആളുകളെ സ്നേഹി, സഹയോഗിയാക്കി , സമ്പർക്കത്തിൽ കൊണ്ടു വന്ന് സംബന്ധത്തിൽ കൊണ്ടു വരൂ. ഈ മുഴുവൻ പരിപാടിയുടെ ലക്ഷ്യം തന്നെയിതാണ്– അങ്ങനെ സഹയോഗിയാക്കൂ, സ്വയം നിങ്ങൾ ശക്തിശാലിയാകൂ, അവർ മൈക്കായി തീരണം. ഈ വർഷത്തെ സഹയോഗത്തിന്റെ സേവനത്തിന്റ ലക്ഷ്യമായി മൈക്ക് തയ്യാറാക്കണം, അനുഭവത്തിന്റെ ആധാരത്തിലൂടെ താങ്കളെ അഥവാ ബാബയുടെ ജ്ഞാനത്തെ പ്രത്യക്ഷമാക്കണം. തന്റെ പ്രഭാവം സ്വതവേ മറ്റുള്ളവരുടെ മേൽ പതിയുന്ന രീതിയിലുള്ള മൈക്കുകളെ തയ്യാറാക്കൂ. മനസ്സിലായോ, സേവനത്തിന്റെ ഉദ്ദേശ്യം എന്താണെന്ന്, ഇത്രയും പ്രോഗ്രാമുകൾ ഉണ്ടാക്കി അതിലൂടെ എന്ത് വെണ്ണ ലഭിച്ചു? വളരെയധികം സേവനം ചെയ്യൂ എന്നാൽ ഈ വർഷം സന്ദേശത്തിനോടൊപ്പം ഇതും ഉൾപ്പെടുത്തൂ. ദൃഷ്ടിയിലൂടെ കാണൂ– ആരെല്ലാമാണ് പാത്രമായിട്ടുള്ളത്, അവരെ സമയത്തിനനുസരിച്ച് വ്യത്യസ്ഥമായ വിധിയിലൂടെ സമ്പർക്കത്തിലേക്ക് കൊണ്ടു വരൂ. അല്ലാതെ ഇങ്ങനെയായിരിക്കരുത് – ഒരു പ്രോഗ്രാം ചെയ്തു, പിന്നെ രണ്ടാതും വേറെ ചെയ്തു, മൂന്നാമതും അതുപോലെ ചെയ്തു, എന്നാൽ ആദ്യം ചെയ്തവരെ ശ്രദ്ധിച്ചതേയില്ല, മൂന്നാമത് ചെയ്തവർ മാത്രം മുന്നിലേക്ക് വന്നു. സമ്പാദ്യത്തിന്റെ ശക്തിയെ പ്രയോഗത്തിൽ കൊണ്ടു വരണം. ഓരോ പ്രോഗ്രാമിലൂടെ ശേഖരണമുണ്ടാക്കൂ. അവസാനം ഇങ്ങനെയുള്ള സംബന്ധ സമ്പർക്കത്തിലുള്ളവരുടെ മാലയുണ്ടാകണം. മനസ്സിലായോ?

ബാക്കിയെന്താണ് അവശേഷിച്ചിരിക്കുന്നത്? മിലനത്തിന്റെ പ്രോഗ്രാം.
ഈ വർഷം ബാപ്ദാദ 6 മാസത്തെ റിസൾട്ട് കാണാൻ ആഗ്രഹിക്കുന്നു. സേവനത്തിനായി എന്തെല്ലാം പ്ലാനുകൾ ഉണ്ടാക്കിയോ, അവർ നാല് ഭാഗത്തും പരസ്പരം സഹയോഗിയായി, എല്ലായിടത്തും സന്ദർശനം നടത്തൂ. ചെറിയവരാകട്ടെ വലിയവരാകട്ടെ സർവ്വരെയും ഉണർവ്വിലും ഉത്സാഹത്തിലും കൊണ്ടു വന്ന് മൂന്ന് പ്രകാരത്തിലുള്ള സേവനത്തിൽ മുന്നോട്ടുയർത്തൂ അതിനാൽ ബാപ്ദാദ ഈ വർഷത്തിൽ മുഴുവൻ രാത്രിയെയും ദിനമാക്കി സേവനം നല്കിയിരിക്കുന്നു. ഇപ്പോൾ മൂന്ന് പ്രകാരത്തിലുമുള്ള സേവനത്തിന്റെ ഫലം അനുഭവിക്കുന്നതിനുള്ള വർഷമാണ് ഇത്. ഫലം അനുഭവിക്കുന്നതിന്റെവർഷമാണ്. ഈ വർഷം വരാനുള്ള പാർട്ടില്ല. ബാബയുടെ സകാശ് സദാ കൂടെ തന്നെയുണ്ട്. ഡ്രാമയിലടങ്ങിയിട്ടുള്ളത് ബാബ കേൾപ്പിച്ചു. ഡ്രാമയുടെ പാർട്ടിനെ അംഗീകരിച്ചേ പറ്റൂ. സേവനം നന്നായി ചെയ്യൂ. 6 മാസത്തിനുള്ളിൽ തന്നെ റിസൾട്ടറിയാൻ സാധിക്കും. ബാബയുടെ ആശകളെ പൂർത്തീകരിക്കുന്നതിനുള്ള പ്ലാനുണ്ടാക്കൂ. എവിടെ നോക്കിയാലും, ആരെ നോക്കിയാലും- ഓരോരുത്തരുടെ സങ്കല്പം, വാക്ക്, കർമ്മം ബാബ യുടെ ആശകളകളുടെ ദീപത്തെ തെളിയിക്കുന്നതായിരിക്കണം. ആദ്യം മധൂബനിൽ ഈ ഉദാഹരണം കാണിക്കൂ. ശേഖരണത്തിന്റെ പദ്ധതിയുടെ മോഡൽ ആദ്യം മധുബനിൽ ഉണ്ടാക്കൂ. ഈ ബാങ്കിൽ ആദ്യം നിക്ഷേപ്പിക്കൂ. മധുബനിലുള്ളവർക്കും വരദാനം ലഭിച്ചു. ബാക്കി അവശേഷിച്ചവർക്കും ഈ വർഷം പെട്ടെന്ന് തന്നെ ലഭിക്കും കാരണം ബാബയ്ക്ക് സർവ്വ കുട്ടികളോടും സ്നേഹമുണ്ട്. ഓരോ കുട്ടിക്കും ഓരോ ചുവടിലും വരദാനമുണ്ട്. ഹൃദയം കൊണ്ടുള്ള സ്നേഹി ആത്മാക്കൾ വയ്ക്കുന്ന ഓരോ ചുവ ടിലും വരദാനമുണ്ട്. ബാബയുടെ വരദാനം കേവലം മുഖം കൊണ്ടല്ല എന്നാൽ ഹൃദയത്തിൽ നിന്നാണ്, ഹൃദയത്തിന്റെ വരദാനം സദാ ഹൃദയത്തിൽ സന്തോഷം, ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും അനു ഭവം ചെയ്യിക്കുന്നു. ഇത് ഹൃദയത്തിന്റെ വരദാനത്തിന്റെ ലക്ഷണമാണ്. ഹൃദയത്തിന്റെ വരദാനത്തെ ഹൃദയം കൊണ്ട് ധാരണ ചെയ്യുന്നവരുടെ ലക്ഷണമാണ്- അവർ സദാ സന്തോഷത്തിലും ഉണർവ്വും ഉത്സാഹത്തോടെയും മുന്നോട്ടുയർന്നു കൊണ്ടിരിക്കും. ഒരിക്കലും ഒരു കാര്യത്തിലും കുടുങ്ങില്ല, നിന്നു പോകില്ല, വരദാനങ്ങളാൽ പറന്നു കൊണ്ടിരിക്കും, കാര്യങ്ങൾ താഴെ തന്നെ അവശേഷിക്കും. വഴിയോര കാഴ്ചകൾക്ക് പോലും പറക്കുന്നവരെ തടയാൻ സാധിക്കില്ല.
ഇന്ന് ബാപ്ദാദ സർവ്വ കുട്ടികൾക്ക്, ആരാണൊ ഹൃദയം കൊണ്ട്, അക്ഷീണരായി സേവനം ചെയ്തത്, അങ്ങനെയുള്ള സർവ്വ സേവാധാരികൾക്ക് ഈ സീസണിലെ സേവനത്തിന്റെ ആശീർവാദം നല്കി കൊണ്ടി രിക്കുന്നു. മധുബനിൽ വന്ന് മധുബന്റെ അലങ്കാരമായി, അങ്ങനെയുള്ള അലങ്കാരമാകുന്ന കുട്ടികൾക്കും ബാപ്ദാദ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. നിമിത്തമായ ശ്രേഷ്ഠ ആത്മാക്കൾക്കും സദാ അക്ഷീ ണരായി ബാബയ്ക്ക് സമാനം തന്റെ സേവനങ്ങളിലൂടെ സർവ്വരെയും റിഫ്രേഷ് ആക്കുന്നതിന്റെ ആശം സകൾ നല്കി കൊണ്ടിരിക്കുന്നു, രഥത്തിനും ആശംസകൾ. നാല് ഭാഗത്തുമുള്ള സേവാധാരി കുട്ടി കൾക്കും ആശംസകൾ. നിർവ്വിഘ്നമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു, മുന്നോട്ട് തന്നെ പോക ണം. ദേശ വിദേശത്തിലെ സർവ്വ കുട്ടികൾക്കും വന്നതിന് ആശംസകൾ , റിഫ്രേഷ് ആയതിനും ആശംസ കൾ. പക്ഷെ സദാ റിഫ്രേഷ് ആയിട്ടിരിക്കണം, 6 മാസം വരെ മത്രമല്ല. റിഫ്രേഷ് ആകാൻ വരണം കാരണം ബാബയുടെ ഖജനാവിൽ സർവ്വ കുട്ടികൾക്കും സദാ അധികാരമുണ്ട്. ബാബയും ഖജനാവും സദാ കൂടെയുണ്ട്, സദാ ഉണ്ടായിരിക്കും. കേവലം അടിവരയിടിപ്പിച്ചതിൽ വിശേഷിച്ച് സ്വയത്തെ ഉദാഹ രണമാക്കി പരീക്ഷയിൽ കൂടുതൽ മാർക്ക് നേടണം. മറ്റുള്ളവരെ കാണരുത്, സ്വയത്തെ ഉദാഹരണമാക്കു ക. ഇതിൽ അർജ്ജുനൻ അർത്ഥം നമ്പർവൺ ആകണം. രണ്ടാമത്തെ പ്രാവശ്യം ബാപ്ദാദ വരുമ്പേൾ ഫരിസ്ഥയുടെ കർമ്മം, ഫരിസ്ഥയുടെ വാക്കുകൾ, ഫരിസ്ഥയുടെ സങ്കല്പം ധാരണ ചെയ്യുന്നവരായി ഓരോരുത്തരും കാണപ്പെടണം. അങ്ങനെയുള്ള പരിവർത്തനം സംഘടനയിൽ കാണപ്പെടണം. ഓരോരു ത്തരും അനുഭവിക്കണം- ഇത് ഫരിസ്ഥയുടെ വാക്കാണ്, ഫരിസ്ഥകളുടെ കർമ്മം എത്ര അലൗകീകമാ ണ്. ഈ പരിവർത്തന സമാരോഹണം ബാപ്ദാദ കാണാനാഗ്രഹിക്കുന്നു. ഓരോരുത്തരും മുഴുവൻ ദിനത്തിലെ വാക്കുകൾ തന്റെ ടേപ്പിൽ റെക്കോഡ് ചെയ്താൽ വളരെ നന്നായി അറിയാൻ സാധിക്കും. ചെക്ക് ചെയ്യൂ- അറിയാൻ സാധിക്കും- എത്രമാത്രം വ്യർത്ഥമാകുന്നുവെന്ന്. മനസ്സിന്റെ ടേപ്പിൽ ചെക്ക് ചെയ്യൂ, സ്ഥൂലമായ ടേപ്പിലല്ല സാധാരണമായ വാക്കുകൾ പോലും വ്യർത്ഥത്തിന്റെ കണക്കിൽപ്പെടുന്നു. 4 ശബ്ദങ്ങൾക്ക് പകരം 24 ശബ്ദം പറഞ്ഞുവെങ്കിൽ 20 എന്തിൽ ആയിരിക്കും? ഊർജ്ജത്തെ ശേഖരി ക്കൂ, എങ്കിൽ നിങ്ങളുടെ രണ്ട് വാക്കുകൾ ആശീർവാദത്തിന്റെ, ഒരു മണിക്കൂർ പ്രഭാഷണത്തിന്റെ കാര്യം ചെയ്യും. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ സമർപ്പണമാകുന്ന ആത്മീയ ശലഭങ്ങൾക്ക്, ബാബയ്ക്ക് സമാനമാകുന്ന തിന്റെ ദൃഢ സങ്കല്പത്തിലൂടെ മുന്നോട്ടുയരുന്ന വിശേഷ ആത്മാക്കൾക്ക്, സദാ പറക്കുന്ന കലയിലൂടെ ഏതൊരു പ്രകാരത്തിലുമുള്ള വഴിയോര ദൃശ്യങ്ങളെയും മറി കടക്കുന്ന ഡബിൾ ലൈറ്റായ കുട്ടികൾക്ക്

ആതമീയ പ്രകാശമാകുന്ന ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**വരദാനം– മംഗളത്തിന്റെ ഭാവനയിലൂടെ ഓരോ ആത്മാവിന്റെ സംസ്ക്കാരങ്ങളെയും പരിവർത്തനപ്പെടുത്തുന്ന നിശ്ചയബുദ്ധിയായി ഭവിക്കട്ടെ.**

ഏതു പോലെ ബാബയിൽ 100 ശതമാനം നിശ്ചയ ബുദ്ധിയാണോ, ആര് എത്ര തന്നെ ഇളക്കാൻ പരിശ്രമിച്ചാലും സാധിക്കില്ല, അതേപോലെ ദേവീക പരിവാരം അഥവാ ലോകത്തിലെ ആത്മാക്കളിലൂടെ എങ്ങനെ തന്നെയുള്ള പരീക്ഷ വന്നാലും, ക്രോധിയായി നേരിട്ടാലും അഥവാ ആരെങ്കിലും അപമാനിച്ചാലും, ആക്ഷേപിച്ചാലും – അതിലും കുലുങ്ങാൻ സാധിക്കില്ല, ഇവിടെ കേവലം ഓരോ ആത്മാവിനെ പ്രതിയും മംഗളത്തിന്റെ ഭാവനയുണ്ടാകണം, ഈ ഭാവന അവരുടെ സംസ്കാരങ്ങളെ പരിവർത്തനപ്പെടുത്തുന്നു. ഈ കാര്യത്തിൽ അക്ഷമരാകരുത്, സമയത്തിനനുസരിച്ച് ഫലം തീർച്ചയായും ലഭിക്കും– ഇത് ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്.

**സ്ലോഗൻ– പവിത്രതയുടെ ശക്തിയിലൂടെ തന്റെ സങ്കല്പങ്ങളെ ശുദ്ധവും, ജ്ഞാന സ്വരൂപവുമാക്കി ബലഹീനതകളെ സമാപ്തമാക്കൂ.**